# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുമാറാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി9)1327/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 04/11/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തിരുമാറാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി9)1327/23 തീയ്യതി: 04/11/2023

## എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 04-08-2023 | 11-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-08-2023 | 11-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി രമ | പ്രസിഡന്റ് | 01-04-2022 | 06-01-2023 |

| | | | |
|---|---|---|---|
| മുരളീധരകൈമൾ | | | |
| ഒഴിവ് | പ്രസിഡന്റ് | 07-01-2023 | 09-02-2023 |
| അഡ്വ.സന്ധ്യമോൾ പ്രകാശ് | പ്രസിഡന്റ് | 10-02-2023 | 31-03-2023 |
| ശ്രീ പി ആർ മോഹൻകുമാർ | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീ മനോജ് എം എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 09-09-2023 |
| ശ്രീ.റെജിമോൻ പി പി | സെക്രട്ടറി | 10-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ മനോജ് എം എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 18-10-2022 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 19-10-2022 | 26-10-2022 |
| ശ്രീ സാബുരാജ് എസ് | അസിസ്റ്റന്റ് സെക്രട്ടറി | 27-10-2022 | 31-03-2023 |
| ശ്രീമതി ജിജി ടി കെ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ സാവിത്രി കെ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ ജോർലിൻ ജോസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ മായാദേവി കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ ഷിബു സി തങ്കച്ചൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി തങ്കമണി | ഹെഡ്മിസ്ട്രസ്സ്,ഗവ.എൽ.പി.എസ്,കാക്കൂർ | 01-04-2022 | 31-03-2023 |
| ശ്രീമതി പ്രമീള കുമാരി ടി എസ് | ഹെഡ്മിസ്ട്രസ്സ്,ഗവ.എൽ.പി.എസ്,മണ്ണത്തൂർ | 01-04-2022 | 31-03-2023 |
| ശ്രീമതി രാജി കെ ആർ | വി.ഇ.ഒ(തിരുമാറാടി സർക്കിൾ) | 01-04-2022 | 25-08-2022 |

| | | | |
|---|---|---|---|
| ശ്രീ പ്രിയരഞ്ജൻ ആർ | വി.ഇ.ഒ(തിരുമാറാടി സർക്കിൾ) | 26-08-2022 | 31-03-2023 |
| ശ്രീമതി സൗമ്യ ശശിധരൻ | വി.ഇ.ഒ(ഒലിയപ്പുറം സർക്കിൾ) | 01-04-2022 | 24-08-2022 |
| ശ്രീമതി ധന്യ എസ് | വി.ഇ.ഒ(ഒലിയപ്പുറം സർക്കിൾ) | 25-08-2022 | 31-03-2023 |
| ശ്രീമതി രാജി കെ ആർ | വി.ഇ.ഒ(മണ്ണത്തൂർ സർക്കിൾ) | 01-04-2022 | 27-04-2022 |
| ശ്രീമതി ധന്യ എസ് | വി.ഇ.ഒ(മണ്ണത്തൂർ സർക്കിൾ) | 28-04-2022 | 28-07-2022 |
| ശ്രീമതി അനീഷ എൻ എ | വി.ഇ.ഒ(മണ്ണത്തൂർ സർക്കിൾ) | 29-07-2022 | 16-08-2022 |
| ഒഴിവ് | വി.ഇ.ഒ(മണ്ണത്തൂർ സർക്കിൾ) | 17-08-2022 | 25-08-2022 |
| ശ്രീ പ്രിയരഞ്ജൻ ആർ | വി.ഇ.ഒ(മണ്ണത്തൂർ സർക്കിൾ) | 26-08-2022 | 31-03-2023 |
| ശ്രീമതി ശ്രീദേവി എ എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 06-07-2022 |
| ശ്രീമതി ആശ പോൾ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 07-07-2022 | 22-01-2023 |
| ശ്രീമതി സുനിത സുരേന്ദ്രൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 23-01-2023 | 31-03-2023 |
| ശ്രീ അനീഷ് സത്യൻ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | ബാദ്ധ്യതയുള്ളതിനേക്കാൾ അധികമായി കുറവ് ചെയ്ത തുക ആസ്തിയായി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-3 |
| 5 | ആസ്തികളുടെ വിവരങ്ങൾ കൃത്യമല്ല. | 1-1-4 |
| 6 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | വിവിധ നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം കൃത്യമല്ല | 1-1-6 |
| 8 | ലഭിക്കാനുള്ള ഇ-ടെൻഡർ ഫീ പഞ്ചായത്ത് കണക്കുകളിൽ ഉൾപ്പെടുത്തിയില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികൾ | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം. | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | ഗ്രാമസഭ | 1-11 |
| 19 | ദുരിതാശ്വാസ നിധി - കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. | 1-12 |
| 20 | ജീവനക്കാരുടെ തൊഴിൽനികുതി | 1-13 |
| 21 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക | 1-14 |
| 22 | തനതുവരുമാനം - അവലോകനം | 1-15 |
| 23 | സാമൂഹ്യസുരക്ഷാ പെൻഷൻ - അപാകതകൾ | 1-16 |
| 24 | ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല | 1-17 |
| 25 | ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-18 |
| 26 | ലോറിയിൽ കുടിവെള്ള വിതരണം -അപാകങ്ങൾ | 1-19 |
| 27 | ലൈഫ് മിഷൻ വായ്പ – ബാദ്ധ്യതയേക്കാൾ കൂടുതൽ ഉത്ഭവത്തിൽ കുറവ് | 1-20 |

| | | |
|---|---|---|
| | ചെയ്തു - ഗ്രാന്റിനത്തിൽ 2.84 ലക്ഷം രൂപ നഷ്ടം | |
| 28 | ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ റിഡംപ്ഷൻ തുക തിരികെ ലഭിച്ചിട്ടില്ല. | 1-21 |
| 29 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-22 |
| 30 | ഭിന്നശേഷി സ്കോളർഷിപ്പ് തുക - ഗുണഭോക്താവിന് ലഭ്യമായില്ല | 1-23 |
| 31 | ഷീകപ്പ് വിതരണം - അപാകതകൾ | 1-24 |
| 32 | മരുന്നുകൾ ലഭ്യമായില്ല - തുക തടസ്സപ്പെടുത്തുന്നു | 1-25 |
| 33 | കാർഷിക മേളയ്ക്ക് ധനസഹായം-സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ് | 1-26 |
| 34 | നിക്ഷേപ പ്രവൃത്തികൾ യഥാകാലം പൂർത്തിയാക്കുന്നില്ല | 1-27 |
| 35 | എസ്.എസ്.കെ. വിഹിതം നല്കൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-28 |
| 36 | കാക്കൂർ വനിതാ വ്യവസായ കേന്ദ്രം - പൂർത്തീകരിച്ചിട്ടില്ല. | 1-29 |
| 37 | തിരുമാറാടി കുത്തരി റൈസ് മിൽ നിർമ്മാണം - പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215 (4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 27.06.2023 ലെ 1(1) -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 27.06.2023-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 31 മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്

തീയതി : 04.11.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹(-)11,66,535.00 ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹91,90,758/- യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ

പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-3 ബാദ്ധ്യതയുള്ളതിനേക്കാൾ അധികമായി കുറവ് ചെയ്ത തുക ആസ്തിയായി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ലൈഫ് ഭവനപദ്ധതിക്കായുള്ള ലോൺ തുകയുടെ മുതൽ ഇനത്തിൽ വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക ₹10,58,813/- ആണ് (ഹെഡ് 330500201). ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഈ പദ്ധതിക്കായി ലോൺ എടുത്തിട്ടില്ല. എന്നാൽ ഈയിനത്തിൽ തിരിച്ചടക്കുവാനുള്ള മുതൽ ഇനത്തിൽ വികസനഫണ്ടിൽ നിന്നും രണ്ടു തവണകളായി ₹13,06,820/- സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്. അതായത് ഗ്രാമപഞ്ചായത്തിന്റെ യഥാർത്ഥ ബാദ്ധ്യതയെക്കാൾ ₹2,48,007/- കൂടുതൽ. കൂടുതലായി കുറവ് ചെയ്ത തുക ആസ്തിയായി (തിരികെ ലഭിക്കാനുള്ള തുകയായി) ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-4 ആസ്തികളുടെ വിവരങ്ങൾ കൃത്യമല്ല.

ബാലൻസ് ഷീറ്റ് B11 ഷെഡ്യൂളിൽ ആസ്തി രേഖപ്പെടുത്തിയിരിക്കുന്നത് Other Fixed Assets എന്ന ഹെഡ്ഡിൽ ₹27,35,439/- മാത്രമാണ്. എന്നാൽ 10 വ്യത്യസ്ത ഹെഡ്ഡുകളിലായി ഡിപ്രീസിയേഷൻ ഹെഡിലെ ആകെ തുക ₹(-)2,70,14,985/- രൂപ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഭൂമിയുൾപ്പെടെയുള്ള ആസ്തി വിവരങ്ങൾ തിട്ടപ്പെടുത്തി വാർഷിക കണക്കുകളിൽ ചേർത്തിട്ടില്ല.

1-1-5 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതിയുടെ സാംഖ്യ-സഞ്ചയ സോഫ്റ്റ് വെയറുകളിലെ ഡിമാൻഡ്-കളക്ഷൻ-ബാലൻസ് തുകകൾ തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

1-1-6 വിവിധ നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരം കൃത്യമല്ല

പഞ്ചായത്തിന്റെ നിക്ഷേപപ്രവൃത്തികൾക്കായി മുൻവർഷങ്ങളിൽ നൽകിയതും നാളിതുവരെ വിനിയോഗവിവരങ്ങൾ ലഭിക്കാത്തതുമായ തുകകളുടെ വിവരം ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ ചേർത്തിട്ടില്ല. മുൻവർഷം ഇറിഗേഷൻ വകുപ്പിന് നൽകിയ ₹11,42,000/-, എറണാകുളം ജില്ലാ പഞ്ചായത്തിന് നൽകിയ ₹30,500/- എന്നിവയുടെ വിനിയോഗവിവരങ്ങൾ ലഭിച്ചിട്ടില്ല. മുൻകൂർ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏതൊക്കെ പദ്ധതികളുടേതാണെന്നും കൈമാറിയ തീയതി, വൗച്ചർ നമ്പർ എന്നിവയുൾപ്പെടെയുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

1-1-7 ലഭിക്കാനുള്ള ഇ-ടെൻഡർ ഫീ പഞ്ചായത്ത് കണക്കുകളിൽ ഉൾപ്പെടുത്തിയില്ല

വിവിധ മരാമത്ത് പ്രവർത്തികളുടെ ഇ –ടെൻഡർ ഫീസായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ലഭിച്ച തുകയുടെ മാർച്ച് 31ലെ നീക്കിയിരുപ്പ് ആസ്തിയായി ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-2 ബജറ്റ്

സ്ഥാപനത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 24.03.2022-ാം തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 07.03.2023-ാം തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1 (1)നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

2022-2023 ലെ പുതുക്കിയ ബജറ്റ് പ്രകാരം

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 23,96,924 | 17,33,28,427 | 17,57,25,351 | 17,31,10,155 | 26,15,196 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, 2022-23 വാർഷിക ധനകാര്യപ്പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

| | 2022-23 പുതുക്കിയ ബജറ്റ് പ്രകാരം | 2022-23 വാർഷിക ധനകാര്യപത്രിക (റസീപ്റ്റ് ആന്റ് പേയ്മെന്റ് ) പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 17,33,28,427 | 2,23,29,817 | 15,09,98,610 |
| ചെലവ് | 17,31,10,155 | 2,34,96,352 | 14,96,13,803 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ വരവും തമ്മിൽ 15 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ ചെലവും

തമ്മിൽ 14 കോടി രൂപയുടെയും വ്യത്യാസമുണ്ട്. റസീപ്റ്റ് ആന്റ് പേയ്മെന്റിൽ ഉൾപ്പെടുത്താത്ത ഗ്രാന്റ് വരവുകൾ കണക്കിലെടുത്താലും വ്യത്യാസം നിലനിൽക്കുന്നുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യുക്തിസഹവും, യഥാർത്ഥ്യവുമാകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 41,76,173.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 2,23,29,817.00 |
| ആകെ | 2,65,05,990.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 2,34,96,352.00 |
| നീക്കിയിരിപ്പ് | 30,09,638.00 |

ഈ പത്രികയിലെ ഗ്രാമപഞ്ചായത്തിന്റെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടേയും മറ്റു വരവ് ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് (ACR) | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 10315638 | 10315638 | 10273964 | 0 | 41674 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3516942 | 3516942 | 3468877 | 0 | 48065 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 19019000 | 19019000 | 9053680 | 0 | 9965320 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4570000 | 4570000 | 3497610 | 0 | 1072390 |
| ധനകാര്യകമ്മീഷൻ അവാർഡ്(UnTied) | 0 | 2054000 | 2054000 | 1306439 | | 747561 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 3081000 | 3081000 | 2858252 | | 222748 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | | |
| LAD | 36512 | 0 | 36512 | | 36512 | |
| ICDS | 6303 | 628565 | 634868 | 584021 | 50847 | |

വികസന ഫണ്ട് ജനറൽ, എസ്.സി.പി ഗ്രാന്റുകളുടെ ചെലവുകളിൽ വാർഷിക ധനകാര്യപത്രികയിലെ I-6 ഷെഡ്യൂളിലേയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലേയും കണക്കുകൾ പൊരുത്തപ്പെടുന്നില്ല. ആകെ ചെലവിൽ വ്യത്യാസം വന്നത് സർക്കാർ ഉത്തരവുകൾ പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കിയ സോഴ്സ് ഡിഡക്ഷൻ ഇനങ്ങളുടെ തുകയും വികസനഫണ്ട് ജനറലിൽ ട്രഷറിയിൽ നിന്നും പാസ്സാകാത്ത ബിൽ തുകകളും (₹1,96,779) ഉൾപ്പെട്ടിട്ടുള്ളതിനാലാണ് . ധനകാര്യ കമ്മീഷൻ അവാർഡ് (ബേസിക് ഗ്രാന്റ്) തുകയിൽ നിന്നും ക്യാപിറ്റൽ കോൺട്രിബ്യൂഷനായി തൻവർഷം മാറ്റിയിട്ടുള്ളത് ₹315804 ആണ്. ഈയിനത്തിലെ മുന്നിരുപ്പ് തുക ഉൾപ്പെട്ട തുകയാണ് ബാലൻസ് ഷീറ്റിൽ ചേർത്തിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | പൂർത്തി യാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 133 | 6,39,89,713/- | 88 | 3,74,07,841/- | 24 | 21 | 66.16% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1 | 14,48,225 | 14,48,226 | 14,46,735 | 1,491 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 2,52,09,391 | 2,52,09,391 | 2,52,09,391 | 0 |
| ആകെ | 1 | 2,66,57,616 | 2,66,57,617 | 2,66,56,126 | 1,491 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 32,73,300 | 276 |
| വിധവാപെൻഷൻ | 66,29,200 | 607 |
| വാർദ്ധക്യകാലപെൻഷൻ | 2,04,14,600 | 1940 |
| വികലാംഗപെൻഷൻ | 19,26,900 | 172 |
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതകൾക്കുള്ള ധനസഹായം | 7,17,700 | 64 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90,000 | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.08.2023 തീയതിയിൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17,431/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും

താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

(എ) ബജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചെലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല.

(ബി) ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

(സി) ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

(ഡി) സ്ട്രീറ്റ് ലൈറ്റുകളുടെ സംയുക്തപരിശോധന നടത്തുകയോ ലൈറ്റുകൾക്ക് മീറ്റർ സംവിധാനം ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല.

(ഇ) സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ വിളക്കുകളുടെ ഇനം, വാട്ട്സ്, എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(എഫ് ) പൊതുടാപ്പുകൾക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

(ജി) പഞ്ചായത്ത് വാഹനത്തിന്റെ (KL-17-J-4365 മഹീന്ദ്ര സൈലോ) അറ്റകുറ്റപ്പണിക്കായി തൻവർഷം 1,62,836/-രൂപ ചെലവഴിച്ചിട്ടുണ്ട്. 2013 മോഡൽ വാഹനം ഓഡിറ്റ് തീയതിയിൽ 287190 കിലോമീറ്റർ കവർ ചെയ്തിട്ടുള്ളതായി ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്ന് ലക്ഷം കിലോമീറ്റർ കവർ ചെയ്തതോ അല്ലെങ്കിൽ പത്ത് വർഷം പഴക്കമുള്ളതോ ഏതാണോ ആദ്യം വരുന്നത് അതാണ് സ.ഉ(കൈ)നം-45/19/പൊ.മ.വ, തീയതി-16.10.2019 പ്രകാരം ലൈറ്റ് മോട്ടോർ വാഹനം കണ്ടം ചെയ്യുന്നതിനുള്ള മാനദണ്ഡം. അറ്റകുറ്റപ്പണിക്ക് വേണ്ടി തനത് ഫണ്ടിൽ നിന്നും തുടർച്ചയായി തുക ചെലവിടേണ്ടി വരുന്ന സാഹചര്യത്തിൽ വാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.09.2021 | ഒക്ടോബർ 2020 മുതൽ ഒക്ടോബർ 2021 വരെ | 28.04.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.07.2018 | 2016-17 | 04.08.2018 |

1-11 ഗ്രാമസഭ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3(3) പ്രകാരം കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭ യോഗം ചേരേണ്ടതാണ്. തൻവർഷം ഗ്രാമപഞ്ചായത്തിൽ നിയമപ്രകാരമുള്ള ഇടവേളകളിൽ ഗ്രാമസഭ യോഗം ചേരുകയും ഭരണപരവും വികസനപരവുമായ കാര്യങ്ങൾ ഗ്രാമസഭകളിൽ ചർച്ചചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

1-12 ദുരിതാശ്വാസ നിധി - കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ അനുസരിച്ച് തിരുമാറാടി ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട് (അക്കൗണ്ട് നം. SB 67086079564 State Bank Of India). പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ ഉൾപ്പെടെയുള്ള കാരണങ്ങളാൽ ദുരിതമനുഭവിക്കുന്ന ഗ്രാമപഞ്ചായത്ത് നിവാസികളും നിർധനരുമായ വ്യക്തികൾക്ക് അടിയന്തിരസഹായം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഈ നിധിയിൽ നിന്നും ഓഡിറ്റ് വർഷത്തിൽ ധനസഹായം നൽകിയിട്ടില്ല. ഓഡിറ്റ് വർഷത്തിൽ ₹1,51,324.63 മുന്നിരിപ്പും ₹1,73,983.63 നീക്കിയിരുപ്പും ഉണ്ട്.

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പ്രസ്തുത നിധിയിലേക്ക് ധനസമാഹരണം നടത്തി അതിൽ നിന്നും ദുരിതമനുഭവിക്കുന്നവർക്ക് സഹായം നൽകുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 ജീവനക്കാരുടെ തൊഴിൽനികുതി

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക്

വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിൽ മേൽപ്രകാരം തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/09.08.23) സെക്രട്ടറി നൽകിയ മറുപടിയിൽ തൊഴിൽനികുതി ഈടാക്കുവാനുള്ള നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിശദാംശങ്ങൾ ലഭ്യമാകേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | കൈനിയിൽ ഹോളോബ്രിക്സ് | 9/343 | 03 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 2 | കുന്നമ്മേൽ ഹോളോബ്രിക്സ് | 5/258/A | 03 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 3 | അന്ന എഞ്ചിനിയറിംഗ് | 2/92/A | 03 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 4 | തെക്കേക്കര ഗ്രാനൈറ്റ്സ് | 1/173/A | 07 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 5 | തെക്കേക്കര അസ്ഫാർട്ട് മിക്സ് പ്ലാന്റ് | 1/174 | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 6 | രുചിക്കൂട്ട് | 4/147/C | 06 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 7 | കൃഷ്ണ എഞ്ചിനിയറിംഗ് | 5/65/A | 03 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 8 | അപ്പൂണ്ണീസ് മാർട്ട് | 6/198 | 03 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 9 | അജിമോൻ ഹോട്ടൽ | 6/314/C | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 10 | വർഷ | 10/46 | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 11 | ഫ്രണ്ട്സ് സോ മിൽ | 7/159 | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 12 | S & S സെപ്റ്റിടാങ്ക് | 4/352/A | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 13 | K K ഫ്യൂവൽസ് | 5/233/A | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 14 | അപ്പൂസ് റസ്റ്റോറന്റ് | 11/467 | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 15 | ശ്യാമാസ് ഫ്യൂവൽസ് | 11/481/A | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 16 | മുണ്ടക്കൽ കോൺക്രീറ്റ് | 6/153/D | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 17 | ജെയിംസ് മിൽക്ക് പ്രോഡക്സ് | 5/200/B | 08 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 18 | ജോം റെക്സ് പ്രോപ്പർട്ടി ഗ്രൂപ്പ് | 11/90 | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |

### 1-14 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശിക

ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ സഞ്ചയ പ്രകാരമുള്ള വസ്തുനികുതി കുടിശിക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുക്കുന്ന മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ 2013 ആദ്യ പകുതി മുതലുള്ള വസ്തു നികുതി കുടിശ്ശിക നിൽക്കുന്നതായി കാണുന്നു. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം | സ്ഥാപനം | കുടിശ്ശിക തുക | റിമാർക്സ് |
|---|---|---|---|---|
| 1 | 2/490 | എഞ്ചിനീയർ, | 83,538 | 2013 1st |

| | | | | |
|---|---|---|---|---|
| | | ബി.എസ്.എൻ.എൽ,ഡിവിഷണൽ മൂവാറ്റുപുഴ- എറണാകുളം (മണ്ണത്തൂർ ടവർ) | | Half മുതൽ 2023 2nd Half |
| 2 | 5/481 | സബ് ഡിവിഷണൽ എഞ്ചിനീയർ (ബി.എസ്.എസ്-1), ബി.എസ്.എൻ.എൽ, മൂവാറ്റുപുഴ | 1,04,423 | മുതൽ Halfst2013 1 2023 2nd Half |
| 3 | 13/201 | ഡിവിഷണൽ എഞ്ചിനിയർ, ബി.എസ്.എൻ.എൽ. | 1,34,015 | 2013 1st Half മുതൽ 2023 2nd Half |
| | | ആകെ | 3,21,976 | |

മേൽ സൂചിപ്പിച്ച മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ വസ്തുനികുതി സമയബന്ധിതമായി പിരിച്ചെടുക്കാത്തതിനുള്ള കാരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 4/8.8.23നുള്ള മറുപടിയിൽ ആർ.ആർ. നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ആർ.ആർ. തുടർ നടപടി/പുരോഗതി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 തനതുവരുമാനം - അവലോകനം

ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് നിർദ്ദേശ പ്രകാരം തിരുമാറാടി ഗ്രാമപഞ്ചായത്ത് തനത് വരുമാന അവലോകനത്തിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, ലൈസൻസ്, വാടക, വസ്തുനികുതി, എന്നിവയിലെ ഡിമാൻഡ്/കളക്ഷൻ എന്നിവ പരിശോധിച്ച് നികുതി/നികുതിയേതര വരവുകളുടെ വർദ്ധനവിനുതകുന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെയും തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കെട്ടിട നികുതി

ഉറസ്സായ സ്ഥലവും പാർക്കിംഗ് സ്ഥലവും കയ്യേറി നടത്തുന്ന അനധികൃത കെട്ടിട നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ ഫീൽഡ് പരിശോധന നടത്തി കണ്ടെത്തേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും മേഖല അടിസ്ഥാനത്തിലുള്ള വർദ്ധനവുകൾ ഒഴിവായിട്ടില്ലയെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

വാടക

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികളിൽ നിന്നുമുള്ള വാടക കുടിശ്ശിക പിരിച്ചെടുക്കുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതും ഒഴിഞ്ഞുകിടക്കുന്ന 10/436 നം കടമുറി തനതു വരുമാന സ്രോതസ്സാക്കി മാറ്റേണ്ടതുമാണ്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, പ്രൊഫഷണലുകൾ തുടങ്ങി തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരുടെ മുഴുവൻ ഡാറ്റ ബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും ആയതിന്റെ വിവരങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ച് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഡിമാന്റ് നോട്ടീസ് നൽകി മുഴുവൻ ആളുകളുകളിൽനിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിറ്റ്സ് പരിശോധിച്ചപ്പോൾ 04-03-2023 തീരുമാന നമ്പർ 31/2023 പ്രകാരം നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റ്-പിരിവ് പുരോഗതി അവലോകന യോഗം ചേർന്നിട്ടുണ്ട്.

പഞ്ചായത്തിന്റെ ദൈനംദിന ചിലവുകൾ, എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾ ഇവ നടത്തുന്നതിനു പ്രധാനമായും ആശ്രയിക്കുന്നത് പഞ്ചായത്തിന്റെ തനത് ഫണ്ട് വരുമാനമാണ്. തനത് ഫണ്ട് വരുമാനം പ്രധാന വരുമാന മാർഗ്ഗമായി കാണുന്ന ഒരു സമൂഹത്തിൽ നിന്നും വാണിജ്യവ്യവസായ മേഖലകൾക്ക് കൂടുതൽ പ്രാധാന്യം ഉള്ള ഒരു സമൂഹമായി മാറാത്ത സാഹചര്യത്തിൽ വസ്തു നികുതി വരുമാനം ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചും ഫീൽഡ് പരിശോധന നടത്തിയും, ലൈസൻസ് ഫീസ്, തൊഴിൽ നികുതി ഇവയിൽ നിന്നു പഞ്ചായത്തിന് ലഭിക്കുന്ന വരുമാനം തീരെ കുറവായതിനാൽ മുഴുവൻ വാണിജ്യ സ്ഥാപനങ്ങൾക്കും ലൈസൻസ്

ലഭ്യമാക്കുന്നതിനും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനും കൂടുതൽ ഭാവനാപൂർണ്ണമായ നടപടികൾ സ്വീകരിക്കേണ്ടതും, പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയും വർദ്ധിച്ച് വരുന്ന ചെലവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധികവിഭവ സമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-16 സാമൂഹ്യസുരക്ഷാ പെൻഷൻ - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെ തുടർന്ന് പെൻഷൻ വിതരണം സംബന്ധിച്ച് അപാകതകൾ കാണുന്നു. പരിശോധനയിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം | പെൻഷനറുടെ പേര് | പെൻഷൻ തരം | മരണം നടന്ന തീയതി (ഡെത്ത് രജിസ്റ്റർ പ്രകാരം) | പെൻഷൻ വിതരണ കാലയളവ് | റിമാർക്സ്/ നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | ഏലിയാമ്മ ഏലിയാസ് 106940600205 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 13.08.2022 | April-2023 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെൻഡ് |
| 2 | അമ്മിണി മാധവൻ 106940100106 | കർഷക തൊഴിലാളി പെൻഷൻ | 09.08.2022 | April-2023 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് ആക്ടീവ് |
| 3 | മറിയക്കുട്ടി 112660200383 (കൂത്താട്ടുകുളം മുനിസിപ്പാലിറ്റി) | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 03.11.2022 | April-2023 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് ആക്ടീവ് |

സാമൂഹ്യസുരക്ഷാപെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ/നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ(എം.എസ്) നം. 97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും, ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

ധനകാര്യ വകുപ്പിന്റെ സർക്കുലർ നമ്പർ എസ്.എഫ്.സി -ബി2 /53/2017 /ധന. തീയതി 22.01.2018 പ്രകാരം മറ്റേതെങ്കിലും പ്രാദേശിക സർക്കാരിന്റെ പരിധിയിൽ മരണം/പുനർ വിവാഹം നടന്നാൽ/സംഭവിച്ചാൽ/റിപ്പോർട്ട് ചെയ്താൽ പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകേണ്ടതാണ്. ഒരു ഗുണഭോക്താവ് മരണപ്പെട്ട് / പുനർവിവാഹം ചെയ്ത വിവരം ആ ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്ത ശേഷവും സാമൂഹ്യസുരക്ഷാപെൻഷൻ റദ്ദാക്കാതെ തുടർന്നും അനുവദിക്കുകയാണെങ്കിൽ അത് പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്. ആയതിനാൽ മറ്റ് പ്രാദേശിക സർക്കാരുകളുടെ പരിധിയിൽ വരുന്ന ഗുണഭോക്താക്കൾ പെൻഷൻ അനധികൃതമായി കൈപ്പറ്റിയത് തിരിച്ചുപിടിക്കുന്നതിന് അതാത് ഗ്രാമ പഞ്ചായത്ത്/നഗരസഭ സെക്രട്ടറിമാർക്ക് ആയത് സംബന്ധിച്ച് വിവരം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 5/8.8.23നുള്ള മറുപടിയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-17 ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ഹോമിയോ |

| | |
|---|---|
| പ്രോജക്റ്റിന്റെ നം./വർഷം | 139/23 |
| അടങ്കൽ തുക / ഫണ്ട് | 200000/- രൂപ., മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് തുക/ യു.ടിആർ. നം. തീയതി | 200000/-രൂപ., മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) TRN.22120600000004157 തീയതി.22/11/2022 |

2022-23 വർഷം ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നവാങ്ങൽ എന്ന പ്രൊജക്ടിനായി ആകെ 200000/- രൂപ മെഡിക്കൽ ഓഫീസർ ഹോമിയോ ചെലവഴിച്ചെങ്കിലും 93082/-രൂപയുടെ മരുന്നുകൾ മാത്രമാണ് ഹോംകോ ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി തുകയ്ക്കുള്ള മരുന്നുകൾ ഹോംകോയിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതും അല്ലാത്തപക്ഷം ഹോമിയോ ഡിസ്പെൻസറിയിലേക്കുള്ള മരുന്നുകൾ ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 07/8.8.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് മരുന്നുകൾ ലഭിക്കുന്നതു വരെ 106918/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-18 ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കി വരുന്ന “ലൈഫ്” ഭവനപദ്ധതിയുടെ പുരോഗതി വിവരങ്ങൾ പരിശോധിച്ചതിൽ മുൻ വർഷങ്ങളിലെ പദ്ധതി പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിലേർപ്പെട്ട ഏതാനും ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിനായി വിവിധ ഗഡുക്കൾ കൈപ്പറ്റിയിട്ടുണ്ടെങ്കിലും നിശ്ചിത സമയ പരിധിക്കുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കുകയോ നാളിതുവരെ പിന്നീടുള്ള ഗഡുക്കൾക്ക് അപേക്ഷ സമർപ്പിക്കുകയോ പോലും ചെയ്തിട്ടില്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ലൈഫ് എസ്.സി.പി.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | ആകെ ധനസഹായം | ഇതുവരെ കൈപ്പറ്റിയ തുക | ഇനിയും കൈപ്പറ്റുവാനുള്ള തുക | തുക അവസാനം കൈപ്പറ്റിയ തീയതി |
|---|---|---|---|---|---|
| 1 | ജയകുമാർ, കടപ്ലായിൽ, കാക്കൂർ പി.ഒ | ₹4,00,000 | ₹2,40,000 | ₹1,60,000 | 29/09/2021 |
| 2 | സമീഷ വിവിൽ & വിവിൽ മണിയൻ, കണ്ടംകുളങ്ങര, ഒലിയപ്പുറം പി.ഒ | ₹4,00,000 | ₹40,000 | ₹3,60,000 | 16/03/2021 |

ഈ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം കരാറിലെ നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കുകയോ ഗുണഭോക്താക്കൾ തുടർന്നുള്ള ഗഡുക്കൾക്ക് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.17 തീയതി 09/08/2023) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തിര ഇടപെടൽ ഉണ്ടാകേണ്ടതാണ്.

1-19 ലോറിയിൽ കുടിവെള്ള വിതരണം -അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ ജല ക്ഷാമം രൂക്ഷമായ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായാണ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി (പ്രോ.നം 14/2023) തയ്യാറാക്കിയത്. 2022-23 സാമ്പത്തിക വർഷം വികസനഫണ്ടിൽ (ജനറൽ ) നിന്നും ₹2,43,040 (UTR-RBI 2952207659769, TRN-22120600000003573) പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. സംസ്ഥാന ദുരന്തനിവാരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 787/2017/DMD 23/02/2017പ്രകാരമുള്ള മാർഗ്ഗനിർദ്ദേശ പ്രകാരമാണ് തദ്ദേശസ്ഥാപനങ്ങളിൽ കുടിവെള്ള വിതരണം നടത്തേണ്ടതെന്നും എല്ലാ തദ്ദേശസ്ഥാപനമേധാവികളും ഈ നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ ഖണ്ഡിക 4(g) പ്രകാരം കിലോമീറ്റർ അടിസ്ഥാനത്തിൽ, ജില്ലാതലത്തിൽ നിർണ്ണയിക്കുന്ന നിരക്ക് പ്രകാരമാണ് ജലവിതരണം നടത്തേണ്ടത്. ജില്ലാ തല നിരക്കിനെക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം

സാധിക്കുന്ന സാഹചര്യത്തിൽ മാത്രം പഞ്ചായത്തുകൾക്ക് ടാങ്കറുകളിൽ ജലവിതരണം നടത്താവുന്നതാണ്. മാനദണ്ഡപ്രകാരം കിലോമീറ്റർ നിരക്കിന്റെ അടിസ്ഥാനത്തിലാണ് ജലവിതരണം നടത്തേണ്ടത്. എന്നാൽ കുടിവെള്ളത്തിന്റെ അളവ് പ്രകാരമാണ് (ഒരു ലിറ്ററിന് 31 പൈസ നിരക്കിൽ) ഗ്രാമപഞ്ചായത്ത് കരാറുകാരനായ ശ്രീ.രാജീവ് എം.പി.യെ തിരഞ്ഞെടുത്തിട്ടുള്ളത്.

2. സംസ്ഥാന ദുരന്തനിവാരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 787/2017/DMD 23/02/2017പ്രകാരമുള്ള മാർഗ്ഗനിർദ്ദേശം ഖണ്ഡിക4(g) പ്രകാരം ജി.പി.എസ് ഘടിപ്പിച്ച കുടിവെള്ള ടാങ്കറിൽ മാത്രമാണ് ജലവിതരണം നടത്തേണ്ടത്. ഖണ്ഡിക 4(i) പ്രകാരം ജി.പി.എസ് ലോഗും കരാറുകാരൻ ഹാജരാക്കുന്ന ട്രിപ്പ് ഷീറ്റും ഒത്തുനോക്കിയാണ് കരാറുകാരന് തുക അനുവദിക്കേണ്ടത്. എന്നാൽ പദ്ധതി കാലയളവിലെ ജി.പി.എസ് ലോഗ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളത് പരിശോധിക്കാതെ 196 ലോഡ് കുടിവെള്ളം വിതരണം നടത്തിയതായി കരാറുകാരൻ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയത് മാത്രം അടിസ്ഥാനപ്പെടുത്തിയാണ് ട്രിപ്പിന് 1,240 രൂപ നിരക്കിൽ മുഴുവൻ തുകയും നൽകിയത്.

3. വാഹനത്തിന്റെ ജി.പി.എസ് ലോഗും കരാറുകാരൻ ഹാജരാക്കിയ ട്രിപ്പ് ഷീറ്റും ഒത്തുനോക്കിയതിന്റെ വിവരങ്ങളൊന്നും ഫയലിൽ ലഭ്യമായിട്ടില്ല. പദ്ധതിയുടെ മേൽനോട്ടത്തിനായി ആരെയെങ്കിലും ചുമതലപ്പെടുത്തിയതിന്റെ ഉത്തരവോ, പദ്ധതി സംബന്ധിച്ച് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ തയ്യാറാക്കിയ റിപ്പോർട്ടോ, തുക അനുവദിച്ചുകൊണ്ടുള്ള നടപടി ക്രമമോ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

4. കുടിവെള്ളവിതരണം നടക്കുന്ന ദിവസം തന്നെയോ പദ്ധതി കാലയളവിലോ ജി.പി.എസ് വിവരങ്ങൾ ഗ്രാമപഞ്ചായത്തിന് തന്നെ തൽസമയം പരിശോധിക്കാവുന്നതും അതാത് ദിവസം തന്നെ റിപ്പോർട്ട് എടുക്കാവുന്നതുമാണ്.കരാറുകാരൻ ഹാജരാക്കിയ ബില്ലിൽ പല ദിവസങ്ങളിലും ശരാശരി 5 ട്രിപ്പ് വരെ ഓടിയതായി രേഖപ്പെടുത്തിയിട്ടുള്ളപ്പോഴും ഫയലിലെ ജി.പി.എസ് ലോഗ് പരിശോധിച്ചതിൽ അത്രയും തവണകളിൽ കരാറുകാരൻ വാട്ടർ അതോറിറ്റി പമ്പ് ഹൗസിൽ നിന്നും വെള്ളം നിറച്ചതായി വിവരങ്ങളില്ല. ഇപ്രകാരം പൊരുത്തക്കേടുകൾ നിലവിലുള്ളപ്പോഴും ചെലവിന് ആധികാരികമായ ജി.പി.എസ് റിപ്പോർട്ട് പരിശോധിച്ച് പൊരുത്തക്കേടുകൾ സംബന്ധിച്ച വിവരങ്ങൾ ഉറപ്പാക്കാതെ കരാറുകാരന് മുഴുവൻ തുകയും മാറി നൽകിയിട്ടുണ്ട്.

ഇക്കാര്യങ്ങളിലുള്ള വിശദീകരണം ഹാജരാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം-22 തിയതി 09/08/2023) മറുപടി യിൽ കിലോമീറ്റർ ചാർജ്ജ് നൽകുന്നതിനേക്കാൾ കുറഞ്ഞചെലവിൽ വെള്ളത്തിന്റെ അളവിൽ പദ്ധതി നടപ്പാക്കാൻ സാധിച്ചതിനാലാണ് ഇപ്രകാരം പദ്ധതി നടപ്പാക്കിയത് എന്നറിയിച്ചിട്ടുണ്ട്. വാഹനത്തിന്റെ ജി.പി.എസ് ലോഗ് , വാട്ടർ അതോറിറ്റി നൽകുന്ന ഇഷ്യൂ വിവരങ്ങൾ, കരാറുകാരൻ ഹാജരാക്കിയ ബിൽ എന്നിവ തമ്മിൽ പരിശോധിച്ച് കുടിവെള്ള വിതരണത്തിന്റെ സുതാര്യത ഉറപ്പാക്കുന്നതിനും ബിൽ തുകയുടെ ആധികാരികതയും കൃത്യതയും ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 ലൈഫ് മിഷൻ വായ്പ – ബാദ്ധ്യതയേക്കാൾ കൂടുതൽ ഉത്തവത്തിൽ കുറവ് ചെയ്തു – ഗ്രാന്റിനത്തിൽ 2.84 ലക്ഷം രൂപ നഷ്ടം

ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനപദ്ധതിക്കായുള്ള ലോൺ തുകയുടെ മുതൽ ഇനത്തിൽ സാമ്പത്തിക വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക ₹10,58,813 (ഹെഡ്- 330500201)ആയിരുന്നു. ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് ഈ പദ്ധതിക്കായി വായ്പ എടുത്തിരുന്നില്ല. എന്നാൽ വായ്പയുടെ തിരിച്ചടക്കുവാനുള്ള മുതൽ ഇനത്തിൽ വികസനഫണ്ടിൽ നിന്നും വിവിധ ഘട്ടങ്ങളായി ₹13,42,820 സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

<table>
<tr><td colspan="4">വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക</td><td>₹10,58,813</td></tr>
<tr><td colspan="4">തൻവർഷത്തെ ലോൺ തുക</td><td>0</td></tr>
<tr><td colspan="4">തൻവർഷം ആകെ തിരിച്ചടക്കുവാൻ ബാക്കിയുള്ള തുക</td><td>₹10,58,813</td></tr>
<tr><td colspan="5">തിരിച്ചടവായി സ്രോതസ്സിൽ കുറവ് ചെയ്ത തുക</td></tr>
<tr><td>ഉത്തരവ് നം.</td><td>ജി.ഒ.പ്രോജക്ട് നം.</td><td>ഗ്രാന്റ് ഇനം</td><td>തുക</td><td rowspan="6">₹13,42,820</td></tr>
<tr><td rowspan="2">സ.ഉ.(സാധ) നം.6872/2022 /ധന/12.10.22</td><td>എസ്.178/23</td><td>പൊതുവിഭാഗം</td><td>₹374881</td></tr>
<tr><td>എസ്.177/23</td><td>എസ്.സി.പി.</td><td>₹296529</td></tr>
<tr><td rowspan="2">സ.ഉ.(സാധ) നം.1049/2023 /ധന/13.02.23</td><td>എസ്.186/23</td><td>പൊതുവിഭാഗം</td><td>₹374881</td></tr>
<tr><td>എസ്.185/23</td><td>എസ്.സി.പി.</td><td>₹296529</td></tr>
<tr><td colspan="4">ആകെ</td></tr>
</table>

| | |
|---|---|
| ബാദ്ധ്യതയുള്ളതിലും അധികമായി ഉൽഭവത്തിൽ കുറവ് ചെയ്ത തുക | ₹284007 |

വികസനഫണ്ടിൽ നിന്നും ബാദ്ധ്യത ഉണ്ടായിരുന്നതിനാലും അധികമായി തുക ഉത്ഭവത്തിൽ കുറവ് ചെയ്തതിനാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വികസന ഫണ്ടിൽ 2.84 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന തുകയിൽ നിന്നും കൂടുതലായി കുറവ് ചെയ്ത ₹2,84,007/- ബാലൻസ് ഷീറ്റിൽ പഞ്ചായത്തിന്റെ ആസ്തി കണക്കിൽ ഉൾപ്പെടുത്തിയിട്ടുമില്ല. ഈ തുക തിരികെ ലഭിക്കുവാൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14 തീയതി 09/08/2023) തുക തിരികെ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഇതിന്റെ തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-21 ജോയിന്റ് വെഞ്ചർ അക്കൗണ്ടിലെ റിഡംപ്ഷൻ തുക തിരികെ ലഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് വർഷത്തെ ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂളിൽ 431500199 എന്ന ശീർഷകത്തിൽ വർഷാന്ത്യം സർക്കാർ റിഡംപ്ഷൻ നടത്തിയ 16,29,119/- രൂപ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 7,29,211/- രൂപ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലേക്ക് (നം.799013000000593) ഏപ്രിൽ 2023ൽ തിരികെ ലഭിച്ചിട്ടുണ്ട്. എന്നാൽ ബാക്കിയുള്ള തുക ₹8,99,908/- തിരികെ ലഭിച്ചിട്ടില്ല. ഈ തുക ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ട് (നം. 799011400001242) എന്ന അക്കൗണ്ടിൽ നിന്നും 20/03/2023ൽ റിഡംപ്ഷൻ നടത്തിയ തുകയാണ്. സാധാരണയായി റിഡംപ്ഷൻ തുക ഏപ്രിൽ മാസാദ്യം തന്നെ തിരികെ ലഭിക്കുന്നതാണ്. എന്നാൽ നാളിതുവരെയായിട്ടും ആയത് തിരികെ ലഭിക്കാത്ത സാഹചര്യത്തിൽ തുക തിരികെ ലഭിക്കുന്നതിന് പഞ്ചായത്ത് നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.15 തീയതി 09/08/2023) നൽകിയതിന് തുക തിരികെ ലഭ്യമാക്കാൻ തുടർനടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരിച്ചു കിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോട് ശുപാർശ ചെയ്യുന്നു.

## 1-22 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതിക്കായി നിർവ്വഹണ ഏജൻസിക്ക് തുക നൽകിയിട്ടുണ്ട്. തുക മുൻകൂർ കൈമാറിയെങ്കിലും ലഭിച്ച തുക പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചതിന്റെ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് നം. & പേര് | സ്ഥാപനം | വൗച്ചർ നം (CFC ) | ചെലവ് |
|---|---|---|---|
| 04/23 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | കേരളവാട്ടർഅതോറിറ്റി, പി.എച്ച്.ഡിവിഷൻ, മൂവാറ്റുപുഴ | XVFC/2022-23/P/19 തീയതി.09/02/2023 | ₹8,93,823/- |
| | | XVFC/2022-23/P/21 തീയതി.08/03/2023 | ₹4,58,000/- |
| ആകെ | | | ₹13,51,823/- |

ഇക്കാര്യത്തിലുള്ള വിശദീകരണവും, പദ്ധതിയുടെ നിലവിലെ പുരോഗതി വിവരവും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16 തീയതി-09/08/2023) വാട്ടർ അതോറിറ്റി നൽകിയ കൈപ്പറ്റ് രസീതിയല്ലാതെ പദ്ധതിയുടെ നിലവിലെ വിവരങ്ങളൊന്നും ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരങ്ങൾ ലഭ്യമാകുന്നത് വരെ മുൻകൂർ നൽകിയ ₹13,51,823/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 ഭിന്നശേഷി സ്കോളർഷിപ്പ് തുക - ഗുണഭോക്താവിന് ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം | 20/23 |
| പേര് | ഭിന്നശേഷി കുട്ടികൾക്ക് പഠനസഹായം |
| നിർവഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | ആകെ – ₹10,25,000/-<br>₹4,75,000/-(വികസന ഫണ്ട്)<br>₹2,75,000/-(ബ്ലോക്ക് വിഹിതം)<br>₹2,75,000/-(ജില്ലാ പഞ്ചായത്ത് വിഹിതം) |

| | |
|---|---|
| ചെലവ് (ബിൽനം,തീയതി) | ആകെ – ₹9,07,800/-<br>1)₹4,75,000/- (96/18.11.22)(വികസന ഫണ്ട്)<br>2)₹2,75,000/- (101/18.11.22)(ബ്ലോക്ക് വിഹിതം)<br>3)₹1,29,300/- (156/25.01.23)(ജില്ലാ പഞ്ചായത്ത് വിഹിതം)<br>4)₹28,500/- (206/10.03.23)(ജില്ലാ പഞ്ചായത്ത് വിഹിതം) |

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ മേൽ പ്രോജക്ട് മുഖാന്തിരം ആനുകൂല്യം ലഭ്യമാകേണ്ട ഗുണഭോക്താക്കളിൽ ഒരാളായ അരുൺ വി.ആർ എന്ന മാനസികവൈകല്യം ബാധിച്ച കുട്ടിക്ക് തൻ വർഷത്തെ സ്കോളർഷിപ്പ് തുക (28500) ലഭ്യമായിട്ടില്ല. സാംഖ്യ സ്റ്റേറ്റ്മെന്റ് അനുസരിച്ച് കുട്ടിയുടെ അക്കൗണ്ട് സ്റ്റാറ്റസ് ഇപ്രകാരമാണ്.

| കുട്ടിയുടെ പേര്, അക്കൗണ്ട്.നം | ബിൽ റഫറൻസ് നമ്പർ | ബിൽ പ്രകാരം ട്രാൻസ്ഫർ ചെയ്യപ്പെടേണ്ട തുക | അക്കൗണ്ട് സ്റ്റാറ്റസ് |
|---|---|---|---|
| അരുൺ വി.ആർ (MR)<br>67233719738<br>(SBIN0070543-SBI) | 22120652002300793496 | 8500 | Return To Government A/c |
| | 22120652002300793508 | 5000 | |
| | 22120652002301091925 | 15000 | |

വിശദീകരണമാവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം-1/08.08.23) മറുപടിയായി അക്കൗണ്ട് ക്യാൻസൽ ആയതിനാലാണ് തുക ക്രെഡിറ്റാകാതിരുന്നതെന്നും ആയത് പരിഹരിച്ച് ഗുണഭോക്താവിന് സ്കോളർഷിപ്പ് തുക ലഭ്യമാകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതുമാണെന്നും അറിയിച്ചു. ഗുണഭോക്താവിന് സ്കോളർഷിപ്പ് തുക ലഭ്യമാകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. അത് വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-24 ഷീകപ്പ് വിതരണം - അപാകതകൾ

മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി മെൻസ്ട്രുവൽ കപ്പ് വാങ്ങി (@300) വിതരണം ചെയ്യുന്നതിലേയ്ക്ക് താഴെപ്പറയും വിധം രണ്ട് പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിട്ടുണ്ട്.

| പ്രൊജക്ട്.നം പേര് | 127/23 , ഷീകപ്പ് വിതരണം ജനറൽ | 128/23 , ഷീകപ്പ് വിതരണം എസ്.സി |
|---|---|---|
| അടങ്കൽ | 110400 (വികസനഫണ്ട് ജനറൽ) | 122162 (വികസനഫണ്ട് എസ്.സി.പി) |
| ചെലവ് | 73500<br>ബിൽ.നം.107/28.11.22 | 51300<br>1)ബിൽ.നം.107/28.11.22, 33900<br>2)ബിൽ.നം.107/28.11.22, 17400 |

ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിൽ നിന്നുമാണ് കപ്പുകൾ വാങ്ങിയിട്ടുള്ളത്. ഒരെണ്ണത്തിന് 300/- രൂപ നിരക്കിൽ ആകെ 416 എണ്ണം മെൻസ്ട്രുവൽ കപ്പ് വാങ്ങുന്നതിലേയ്ക്കാണ് മേൽ രണ്ട് പ്രോജക്ടുകൾ മുഖേന തുക അനുവദിച്ചത്. തുക നൽകിയതിന്റേയും കപ്പുകൾ ലഭ്യമായതിന്റേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോഫോർമ ഇൻവോയിസ് നം.,തീയതി കപ്പുകളുടെ എണ്ണം, തുക | ടാക്സ് ഇൻവോയിസ് നം., തീയതി, ലഭ്യമായ കപ്പുകളുടെഎണ്ണം, തുക |
|---|---|---|
| 1 | HLL/CMO/VBD/2411/02, 24.11.22<br>245 Cups@300= 73,500 | 942305446/07.01.23<br>245 Cups @300= 73,500 |

| | | |
|---|---|---|
| 2 | HLL/CMO/VBD/2411/01, 24.11.22<br>171 Cups@300= 51,300 | 9423045445/07.01.23<br>113 Cups @300= 33,900 |
| | | 9423046550/23.03.23<br>58 Cups @300= 17,400 |

416 കപ്പുകൾ (245+113+58) ലഭ്യമാകുവാൻ രണ്ട് പ്രോജക്ടുകളിലുമായി ആകെ 124800/-രൂപ HLL ന് നൽകിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററുകളിൽ ആകെ 539 കപ്പുകൾ ലഭ്യമായതായും (മെയിൻ സെന്റർ-254(190+64), നാവോലിമറ്റം സബ് സെന്റർ- 79, കാക്കൂർ സബ്സെന്റർ-206 ) 388 എണ്ണം വിതരണം ചെയ്തതായുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (മെയിൻ സെന്റർ-213, നാവോലിമറ്റം സബ് സെന്റർ- 77, കാക്കൂർ സബ്സെന്റർ-98) ഗുണഭോക്താക്കളുടെ പേരും കൈയൊപ്പും അടങ്ങുന്ന കൈപ്പറ്റ് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിതരണം ചെയ്യുവാൻ അവശേഷിക്കുന്നതായി രജിസ്റ്ററിൽ കാണിച്ചിട്ടുള്ള കപ്പുകളുടെ എണ്ണം 151 ആണ്. ടാക്സ് ഇൻവോയിസ് പ്രകാരം ലഭ്യമായ കപ്പുകളുടെ എണ്ണവും(416) സ്റ്റോക്കിലെടുത്തിട്ടുള്ള കപ്പുകളുടെ എണ്ണവും(539) തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയതിനാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള വിതരണ വിവരങ്ങളുടേയും ബാലൻസായി കാണിച്ചിട്ടുള്ള കപ്പുകളുടെ നീക്കിയിരുപ്പിന്റേയും കൃത്യത ഉറപ്പ് വരുത്തുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല (എൻക്വയറി നം-2/08.08.23) രേഖകൾ പരിശോധിച്ച് സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കൃത്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. മെൻസ്ട്രുവൽ കപ്പ് വിതരണം പൂർത്തിയാക്കാത്തതിനാലും നീക്കിയിരുപ്പിന്റേയും വിതരണവിവരങ്ങളുടേയും കൃത്യത ഉറപ്പാക്കാനാവാത്തതിനാലും ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.

## 1-25 മരുന്നുകൾ ലഭ്യമായില്ല - തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് | തിരുമാറാടി എഫ്.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ (നം.126/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| അടങ്കൽ | ₹4,00,000/-<br>മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) |
| ചെലവ്<br>(ബിൽ നം,തീയതി) | ആകെ – ₹3,99,998/-<br>1)61/06.10.22 - ₹14,997/-<br>2)86/07.11.22 - ₹25,135/-<br>3)103/19.11.22 - ₹73,512/-<br>4)115/07.12.22 - ₹99,999/-<br>5)164/03.02.23 – ₹1,15,518/-<br>6)182/22.02.23 – ₹12,709/-<br>7)238/18.03.23 – ₹58,128/- |

എഫ്.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങുന്നതിലേയ്ക്കായി ക്രമ നം.5 (ബിൽ.നം-164) പ്രകാരം ചെലവഴിച്ച 1,15,518/-രൂപയിൽ 49,939/-രൂപ മെഡിക്കൽ സർവീസ് കോർപ്പറേഷന് മുൻകൂറായി (പ്രൊഫോർമ ഇൻവോയിസ് നം.PRF-3721,19.01.23) നൽകി ചെലവഴിച്ചിട്ടുള്ളതാണ്. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുവാനാവശ്യപ്പെട്ടതിന് (എൻക്വയറി നം-3/08.08.23) 39,429/-രൂപയുടെ വിതരണ രേഖകൾ ഹാജരാക്കി. 10,510/-രൂപയുടെ മരുന്ന് കൂടി ലഭ്യമാകുവാനുണ്ട്. മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ 10,510/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-26 കാർഷിക മേളയ്ക്ക് ധനസഹായം-സർക്കാർ അനുമതി ലഭ്യമാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നമ്പർ & പേര് | 65/23, കാക്കൂർ കാളവയൽ കാർഷിക മേള |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | ₹1,00,000/- (തനത്ഫണ്ട്) |
| ചെലവ് | ₹1,00,000/- (ചെക്ക് നം-920588/24.03.23) |

കാക്കൂർ കാർഷിക മേള നടത്തിപ്പിനായി മേളയുടെ ജനറൽ കൺവീനറായ രാജ്കുമാർ കെ.കെ.യ്ക്ക് തനത് ഫണ്ടിൽ നിന്ന് 1 ലക്ഷം രൂപ മേൽ പ്രോജക്ട് മുഖേന അനുവദിച്ചിട്ടുണ്ട്. പ്രോഗ്രാം നോട്ടീസ് പ്രകാരം മഡ് റേസ്, കാർ റേസ്, ഫുട്ബോൾ ടൂർണമെന്റ്, വടംവലി മത്സരം, കാർഷിക സെമിനാർ , സാംസ്കാരിക ഘോഷയാത്ര, കന്നുകാലി പ്രദർശനം, കന്ന്പൂട്ട് മഹോത്സവം എന്നിവയാണ് കാർഷിക മേളയുടെ ഭാഗമായി 22.02.23 മുതൽ 27.02.23 വരെയുള്ള 6 ദിവസങ്ങളിൽ നടത്തിയത്. പദ്ധതി മാർഗരേഖ അനുസരിച്ച് (സ.ഉ(കൈ)115/2022/ത.സ്വ.ഭ.വ, തീയതി-28.05.22 ഖണ്ഡിക-8.4) പ്രത്യേകം

അനുവദിക്കപ്പെട്ടിട്ടുള്ളവയൊഴികെയുള്ള ഉല്പാദനപരമല്ലാത്ത പ്രവർത്തനങ്ങളും മേളകളും ഒഴിവാക്കണമെന്നും പരമാവധി ചെലവ് ചുരുക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. 25.02.23 ൽ നടത്തിയ കാർഷികസെമിനാറിൽ പങ്കെടുത്ത 144 പേരുടെ ലിസ്റ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നല്ലാതെ ഉൽപാദനപരമായ മറ്റെന്ത് പ്രവർത്തനമാണ് ഇതിനാൽ നടത്തിയതെന്ന് വിശദീകരിക്കുവാനാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-19/09.08.23) മറുപടിയായി 23.03.2017 ൽ ചേർന്ന കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് (നം-9/2016/SRG-ഖണ്ഡിക-3.43) മേള നടത്തി വരുന്നതെന്നും മേളയുടെ ഭാഗമായി നടത്തിയ സെമിനാറിൽ ഹോർട്ടികൾച്ചർ വിളകളിലെ മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ സാധ്യത എന്ന വിഷയവും അതിന് സഹായകരമാകുന്ന മെഷീനുകളുടെ പരിചയവും ഉൾപ്പെടുത്തിയിരുന്നെന്നും ആയതിന് തുടർച്ചയായി കർഷകർ ചേർന്ന് ഫാർമർ പ്രൊഡ്യൂസേഴ്സ് കമ്പനി രൂപീകരിച്ച് മേഖലയിൽ പ്രോജക്ട് ആരംഭിച്ചുവെന്നും അറിയിച്ചു. ഡി.പി.സിയുടേയും പഞ്ചായത്ത് കമ്മിറ്റിയുടേയും അംഗീകാരവും പ്രോജക്ടിന് ലഭ്യമായിട്ടുണ്ടെന്നും നിർവഹണോദ്യോഗസ്ഥ വ്യക്തമാക്കി. മേൽ മറുപടിയുടെ അടിസ്ഥാനത്തിലുള്ള ഓഡിറ്റ് പരാമർശങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

(എ) 6 ദിവസങ്ങളിലായി നടന്ന മേളയുടെ ഭാഗമായി ഒരു ദിവസത്തേയ്ക്ക് മാത്രമാണ് കാർഷിക സെമിനാർ സംഘടിപ്പിച്ചിട്ടുള്ളത്. ഇതിനാൽ മറുപടിയിൽ സൂചിപ്പിച്ച പ്രതികരണം ഒരു വിഭാഗം കർഷകരുടെ ഭാഗത്ത് നിന്നുമുണ്ടായി എന്നത് അംഗീകരിക്കുന്നു. എന്നാൽ കാർഷിക മേഖലയ്ക്ക് മേളയാൽ സുസ്ഥിരമായ വികസനം ഉണ്ടാക്കിയെന്ന് കരുതാനാവില്ല. സെമിനാർ ഒഴികെയുള്ള മറ്റ് പ്രൊഗ്രാമുകൾ ഉൽപ്പാദന മേഖലയുമായി ബന്ധമില്ലാത്തതുമാണ്. കാർഷികമേള എന്ന പേര് അന്വർത്ഥമാകുന്നതിലേയ്ക്ക് കാർഷിക മേഖലയുമായി ബന്ധപ്പെട്ട , ഉൽപ്പാദനപരമായ പ്രവർത്തനങ്ങളൊന്നും തന്നെ മേളയുടെ ഭാഗമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുമില്ല.

(ബി) 5000/-രൂപയ്ക്ക് മേലെയുള്ള ചെലവ് തുക അതാത് ബെനിഫിഷ്യറിയ്ക്കാണ് അനുവദിക്കേണ്ടതെന്നിരിക്കെ പ്രിന്റിംഗ് ചാർജ്-(20827), ഭക്ഷണം-(16800) ബാനർ-(9140) സ്റ്റേജ്-(16000) ലൈറ്റ്&സൌണ്ട്-(17326) എന്നിവയുൾപ്പെടെയുള്ള മുഴുവൻ ചെലവുകളും മേളയുടെ ജനറൽ കൺവീനർക്കാണ് കൈമാറിയിട്ടുള്ളത്. വർഷങ്ങളായി മുന്നൊരുക്കത്തോടെ നടപ്പാക്കുന്ന പരിപാടിയായിട്ടും ക്വട്ടേഷൻ ഇല്ലാതെയാണ് സ്റ്റേജ് ഡെക്കറേഷൻ, ലൈറ്റ്, സൗണ്ട് എന്നിവയ്ക്ക് തുക ചെലവ് ചെയ്തത്. നടപടികളിൽ സുതാര്യത വരുത്തുന്നതിലേയ്ക്ക് തുകകൾ സംഘാടക സമിതിക്ക് അനുവദിക്കാതെ അതാത് ബെനിഫിഷ്യറിയ്ക്ക് അവരുടെ അക്കൗണ്ടിലൂടെ തന്നെ കൈമാറി നൽകേണ്ടതാണെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

തനത് വരുമാനം തീരെ കുറഞ്ഞ പഞ്ചായത്താണ് തിരുമാറാടി. മേളയിൽ നിന്ന് യാതൊരു വരുമാനവും പഞ്ചായത്തിന് ലഭ്യമാകുന്നില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിന് യാതൊരു വരുമാനവും ലഭിക്കാത്ത ഒരു പരിപാടിക്ക് വേണ്ടി മാർഗരേഖ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 2017വർഷം ലഭിച്ച കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ തനത് ഫണ്ടിൽ നിന്നും വർഷങ്ങളായി ധനസഹായം നൽകി വരുന്ന നടപടി പുനഃപരിശോധിക്കേണ്ടതുണ്ടെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതും ആറ് വർഷം മുമ്പ് ലഭ്യമായ കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരം തുക ചെലവഴിച്ചതിന് സാധൂകരണം ലഭ്യമാക്കേണ്ടതുമാണ്. സാധൂകരണം ലഭ്യമാകുകയാണെങ്കിൽ തുടർവർഷങ്ങളിലും ധനസഹായം അനുവദിക്കുന്നതിനുള്ള സ്ഥിരഅനുമതി സർക്കാരിൽ നിന്നും ലഭ്യമാകുവാനുള്ള നടപടി കൈക്കൊള്ളാവുന്നതും ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി മേളയിൽ നിന്നും പഞ്ചായത്തിന് വരുമാനം നേടുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതുമാണ്.

## 1-27 നിക്ഷേപ പ്രവൃത്തികൾ യഥാകാലം പൂർത്തിയാക്കുന്നില്ല

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി കേരള സ്റ്റേറ്റ്ഇലക്ട്രിസിറ്റി ബോർഡ്, കേരള ജല അതോറിറ്റി, ഇറിഗേഷൻ വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകിയിട്ടുണ്ട്. ഇപ്രകാരം നിക്ഷേപിച്ചിട്ടുള്ള തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടേയും വിവരം ചുവടെ ചേർക്കുന്നു.

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് .

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460500202 | ₹38,026 | - | - | ₹38,026 |

പ്രവൃത്തികളുടെ വിശദവിവരം.

| വർഷം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | നമ്പർ | | | |
|---|---|---|---|---|---|
| 20-21 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ – വാർഡ്-6 | 22000243/ 22.06.2020 | ₹7,537 | - | ₹7,537 |
| 21-22 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ – വാർഡ്-2,10 | 22100288/ 29.06.2021 | ₹30,489 | - | ₹30,489 |
| | ആകെ | | | | ₹38,026 |

(ബി) കേരള ജലഅതോറിറ്റി

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460500201 | ₹5,08,028 | ₹13,51,823 | ₹2,61,838 | ₹15,98,013 |

നിക്ഷേപ പ്രവൃത്തികളുടെ വിശദവിവരം.

| വർഷം | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 22-23 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 1)170/09.02.23-893823<br>2)200/08.03.23-458000 | ₹13,51,823 | | ₹13,51,823 |

മുൻവർഷങ്ങളിൽ ക്രമീകരിക്കുവാൻ അവശേഷിക്കുന്ന 5,08,028/- രൂപയുടേയും തൻവർഷം ക്രമീകരിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള 2,61,838/-രൂപയുടേയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് (എൻക്വയറി- 8/08.08.23)

(സി) ഇറിഗേഷൻ വകുപ്പ്

| വർഷം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 2021-22 | പള്ളിപ്പാലം ചിറ മെറ്റാലിക്ക് ഷട്ടർ സ്ഥാപിക്കൽ | ചെലാൻ.നം-128 തീ 25.12.2021 | ₹11,42,000 | - | ₹11,42,000 |

ഷട്ടർ സ്ഥാപിക്കുന്നതിലേയ്ക്ക് ഇറിഗേഷൻ വകുപ്പിൽ മുൻവർഷം നിക്ഷേപിച്ച മേൽ തുക വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലായെങ്കിൽ ആയത് തുടർ വർഷത്തെ വാർഷികകണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-28 എസ്.എസ്.കെ. വിഹിതം നല്കൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 12/23 |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.കെ. വിഹിതം നല്കൽ |
| അടങ്കൽ | ₹2,00,000/-(ധന.ക.അവാർഡ്) |
| ചെലവ് | ₹2,00,000/- |
| ബിൽ നം. & തീയതി | 158/31-1-23 |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്. മണ്ണത്തൂർ |

ടി പ്രോജക്ട് പ്രകാരം ₹2,00,000/- എസ്.എസ്.കെ വിഹിതമായി നല്കിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ചു എന്നതു സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിനിയോഗ വിവരം ലഭ്യമല്ല.

29.01.2018 ലെ സ.ഉ(കൈ) 11/2018/ത.സ്വ.ഭ.വ നമ്പറായുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.(3) പ്രകാരം എസ്.എസ്.എ.ക്ക് സർക്കാർ നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതുണ്ട്. എന്നാൽ അത്തരത്തിലുള്ള പങ്കാളിത്തം ഉണ്ടായിട്ടില്ല.പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ. പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്. 2022-23 വർഷം ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്ന് പരിശോധിക്കേണ്ടതും 2022-23 ലെ വിശദമായ വിനിയോഗ വിവരങ്ങളും ലഭ്യമാക്കേണ്ടതുമാണ് .വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ₹2,00,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-29 കാക്കൂർ വനിതാ വ്യവസായ കേന്ദ്രം - പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 23/2023 |
| പ്രോജക്ടിന്റെ പേര് | കാക്കൂർ വനിതാ വ്യവസായ കേന്ദ്രം നിർമ്മാണം. |
| അടങ്കൽ | ₹40,00,000/- |
| ചെലവ് | 712342/- |
| ബിൽ നം&തീയതി | 2700083313/9-5-22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | പ്രിൻസ് എം.പി. |

ഗ്രാമപഞ്ചായത്തിലെ 13ാം വാർഡിൽ കാക്കൂർ വനിതാ വ്യവസായകേന്ദ്ര നിർമ്മാണത്തിനായി 2019-20 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 40,00,000/- രൂപ അടങ്കൽ വകയിരുത്തി തയ്യാറാക്കിയ ഒരു പ്രോജക്ടാണിത്. ഗ്രൗണ്ട് ഫ്ളോർ, ഫസ്റ്റ് ഫ്ളോർ ഉൾപ്പെടെ രണ്ടു നിലകളായാണ് കെട്ടിടം പണിയുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്.

നാളിതുവരെയുള്ള പ്രവർത്തികളുടെ വിവരങ്ങളും ചെലവഴിച്ച ആകെ തുകയും നിലവിലെ അവസ്ഥയും ഇനി ഏതെല്ലാം പണികളാണ് പൂർത്തീകരിക്കാനുള്ളത് എന്നുള്ള വിവരവും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/15-8-23) ലഭ്യമാക്കിയ മറുപടിയിൽ ഇതുവരെ ₹30,78,523/- രൂപ ചെലവഴിച്ച് രണ്ടു നില കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും പ്ലാസ്റ്ററിംഗ്, ഫ്ലോറിംഗ്, പെയിന്റിംഗ് എന്നിവയെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇലക്ട്രിക്കൽ വർക്കുകളും ടോയ്ലെറ്റ് നിർമ്മാണം മുകൾ നിലയിലേക്കുള്ള സ്റ്റെയർകേസ് എന്നിവയും പ്ലംമ്പിങ്ങ് വർക്കുകളും അനുബന്ധ ജോലികളും പൂർത്തീകരിക്കുന്നതിന് 2023-24 വർഷത്തിലെ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചു. കോവിഡ് സാഹചര്യം മൂലമാണ് പ്രവർത്തി വൈകാൻ കാരണം എന്ന് അറിയിച്ചു. പണികൾ പൂർത്തീകരിച്ച് വനിതാ വ്യവസായ കേന്ദ്രം പ്രവർത്തന ക്ഷമമാക്കേണ്ടതാണ്.

1-30 തിരുമാറാടി കുത്തരി റൈസ് മിൽ നിർമ്മാണം - പ്രവർത്തനം ആരംഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | 24/23 |
| പ്രോജക്ടിന്റെ പേര് | തിരുമാറാടി കുത്തരി റൈസ് മിൽ നിർമ്മാണം |
| അടങ്കൽ | ₹15,61,828/- |
| ചെലവ് | ₹7,89,134/- |
| ബിൽ നം. & തീയതി | 2700083316/9-5-2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| കരാറുകാരൻ | സോബി ജോൺ |

വടകര വനിത വ്യവസായ കേന്ദ്രത്തിൽ കുത്തരി റൈസ് മിൽ നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനായി 2019-20 വാർഷിക പദ്ധതിയിലുൾപ്പെടുത്തി തയ്യാറാക്കിയ പ്രോജക്ടാണിത്. ഹാജരാക്കിയ എം. ബുക്ക് പ്രകാരം കെട്ടിടനിർമ്മാണം 17.12.2020ൽ പൂർത്തീകരിച്ചിട്ടുണ്ട്. പ്ലാസ്റ്ററിംഗ്, ഫ്ലോറിംഗ് എന്നിവയെല്ലാം ചെയ്തിട്ടുണ്ട്. എന്നാൽ ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

നാളിതുവരെയുള്ള പ്രവൃത്തികളുടെ വിവരങ്ങളും നിലവിലെ അവസ്ഥയും ഇനി ഏതെല്ലാം പണികളാണ് പൂർത്തീകരിക്കാനുള്ളത് എന്നുള്ള വിവരവും ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/15-8-23) ലഭ്യമാക്കിയ മറുപടിയിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുവെന്നും ഇനി ഇലക്ട്രിഫിക്കേഷൻ വർക്കുകൾ ചെയ്യാനുണ്ടെന്നും അത് ഈ

വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചു. മെഷീനറികൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ രീതിയിലുള്ള ഇലക്ട്രിക്കൽ വർക്കുകൾ ആണ് ചെയ്യാനുള്ളത് എന്നും ആയതിനാലാണ് കാലതാമസം വരുന്നതെന്നും അറിയിച്ചു. കോവിഡ് സാഹചര്യം മൂലമാണ് പ്രവൃത്തികൾ വൈകിയതെന്നും വാക്കാൽ അറിയിച്ചു. പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ച് ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. ഓഡിറ്റ് സർട്ടിഫിക്കറ്റ് ഖണ്ഡിക 1-1 മുതൽ 1-1-7 വരെ ഭാഗങ്ങളായി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. | | |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ട് നമ്പർ, പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 275000 | 20/23-ഭിന്നശേഷിക്കാർക്ക് പഠനസഹായം | 275000 | 0 |
| | | 200000 | 57/23- ലൈഫ് ഭവന നിർമ്മാണം-ഫേസ് 2(എസ് സി) | 200000 | 0 |
| | | 300000 | 130/23-പാൽ സബ്സിഡി | 300000 | 0 |
| | | 200000 | 57/23- ലൈഫ് ജനറൽ സ്ഥലം വാങ്ങൽ | 200000 | 0 |
| ആകെ | | 975000 | ആകെ | 975000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 157800 | 20/23-ഭിന്നശേഷിക്കാർക്ക് പഠനസഹായം | 157800 | 0 |
| | | 380000 | 56/23- ലൈഫ് | 380000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | ഭവന പദ്ധതി | | |
| | | 560000 | 164/23-നെൽകൃഷി വികസനം | 560000 | 0 |
| | | 531000 | 130/23-പാൽ സബ്സിഡി | 531000 | 0 |
| ആകെ | | 1628800 | ആകെ | 1628800 | 0 |

ജില്ലാ പഞ്ചായത്ത്.

(എ) ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് വിതരണത്തിനായി ജില്ല പഞ്ചായത്തിൽ നിന്നും 2019-20 വർഷം ലഭ്യമായ 65,500/-രൂപ (പ്രോജക്റ്റ് നം. 61/19) ഈ വർഷവും ചെലവഴിച്ചിട്ടില്ല.

(ബി) ലൈഫ് പ്രോജക്ടുമായി ബന്ധപ്പെട്ട് 2019-20 വർഷം ലഭ്യമായ 10,000/-രൂപയും ചെലവഴിച്ചിട്ടില്ല (ഹെഡ് കോഡ്- 405)

ബ്ലോക്ക് പഞ്ചായത്ത്.

(എ) മുന്നിരിപ്പായി കാണിച്ചിട്ടുള്ള 31,465/-രൂപ (ഹെഡ്-204) അനുവദിച്ച വർഷവും പ്രോജക്റ്റ് വിവരങ്ങളും ലഭ്യമായിട്ടില്ല.

(ബി) എം.ആർ.എഫ്. സെന്ററിലേയ്ക്ക് വാഹനം വാങ്ങുവാൻ അനുവദിച്ച 7,71,200/-രൂപ ROP ആയി അടവാക്കണമെന്ന് മുൻ വർഷം തന്നെ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചെങ്കിലും (തീരുമാനം.നം-11(1),5.10.21) തുക അടവാക്കിയിട്ടില്ല. 104ാം നമ്പർ ഹെഡിൽ അവശേഷിക്കുന്നു.

വിനിയോഗിക്കുവാൻ കഴിയുന്നില്ലായെങ്കിൽ മേൽ ഗ്രാന്റ് തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് തിരികെ അടവാക്കി ബാധ്യതയിൽ നിന്നൊഴിവാക്കേണ്ടതാണ്

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് &നം. | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (4/23) | 1)170/09.02.23-893823 2)200/08.03.23-458000 | ₹13,51,823/- | 0 | ₹13,51,823 |

മുൻവർഷങ്ങളിലേതുൾപ്പെടെ കേരളാ വാട്ടർ അതോറിട്ടിക്ക് നിക്ഷേപ പ്രവൃത്തികൾക്കായി കൈമാറിയ തുകയിൽ 460500201 ശീർഷകത്തിൽ ₹15,98,013/-, കെ.എസ്.ഇ.ബി.-ക്ക് നൽകിയ തുകയിൽ 460500202 ശീർഷകത്തിൽ ₹33,026/- എന്നിങ്ങനെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട്. ക്രമീകരിക്കാതെ തുടരുന്ന നിക്ഷേപ പ്രവൃത്തികളെ കുറിച്ചുള്ള വിശദവിവരം ഖണ്ഡിക 1-28ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | മുതൽ | പലിശ | |
|---|---|---|---|---|---|---|
| ലൈഫ് ഭവന വായ്പ HUDCO | സ.ഉ (കൈ) 2278/2018/ ത.സ്വ.ഭ.വ./ 18.8.2018 | 1058813 | 13,42,820/-(*) | | | -284007.00 |

തിരിച്ചടക്കുവാനുള്ള മുതൽ ഇനത്തിൽ വികസനഫണ്ടിൽ നിന്നും രണ്ടു തവണകളായി ₹13,42,820 സ്രോതസ്സിൽ കുറവ് ചെയ്തിട്ടുണ്ട്. അതായത് ഗ്രാമപഞ്ചായത്തിന്റെ യഥാർത്ഥ ബാദ്ധ്യതയെക്കാൾ ₹ 2,84,007 കൂടുതൽ കുറവ് ചെയ്തു പോയിട്ടുണ്ട്. (ഖണ്ഡിക 1-1-3 കാണുക )

(*) ജി.ഒ. പ്രോജക്ട് വഴി ചെലവായ തുക

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന 7025/- രൂപയുടെ (ഹെഡ്-180400101) വിവരം താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ഉദ്യോഗപ്പേര് | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2021-22 | 1-28 | ₹7,025/- | ബാബുമണി | 1220101753/ 22.09.2022 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത റിപ്പോർട്ട് | | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക | വർഷം | ഖണ്ഡിക | | |
| 2014-15 | 2.2 | 2016-17 | 2.2 | തൊഴിൽ നികുതി | 28.09.2018 ൽ എ1/ 5472 /16 നമ്പർ കത്ത് പ്രകാരം മറുപടി നൽകി |
| 2015-16 | 2.1 | 2016-17 | 2.1 | തൊഴിൽ നികുതി | - |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2,23,29,817.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,34,96,352.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 18,22,551.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 1,06,918 | ഡോ മായാദേവി കെ., മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-22 | 13,51,823 | ശ്രീ റജിമോൻ പി.പി., സെക്രട്ടറി |
| 1-23 | 28,500 | ശ്രീമതി ആശ പോൾ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-24 | 1,24,800 | ഡോ സാവിത്രി കെ., മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി |
| 1-25 | 10,510 | ഡോ സാവിത്രി കെ., മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി |
| 1-28 | 2,00,000 | ശ്രീമതി പ്രമീളാകുമാരി ടി.എസ്., ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്. മണ്ണത്തൂർ |
| ആകെ | 18,22,551 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ റജിമോൻ പി.പി. സെക്രട്ടറി | സെക്രട്ടറി തിരുമാറാടി ഗ്രാമപഞ്ചായത്ത് | പുത്തൻപുരയിൽ വീട്, കാരിക്കോട്, മുളന്തുരുത്തി (പി.ഒ.) |
| ഡോ സാവിത്രി കെ.എ. മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി തിരുമാറാടിഗ്രാമപഞ്ചായത്ത് | സൌപർണിക കറ്റാഡിയിൽലൈൻ ഉദയംപേരൂർ |
| ശ്രീമതി ആശ പോൾ ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് | മുള്ളുകുഴിയിൽ പിറവം പി.ഒ പാഴൂർ ഈസ്റ്റ് |
| ഡോ മായാദേവി.കെ മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ തിരുമാറാടി ഗ്രാമപഞ്ചായത്ത് | പൂമരത്തിങ്കൽ, തൃപ്പൂണിത്തുറതെക്കുംഭാഗം പിൻ-682301 |
| ശ്രീമതി പ്രമീളാകുമാരി ടി.എസ്., ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ്, ജി.എൽ.പി.എസ്. മണ്ണത്തൂർ തിരുമാറാടി ഗ്രാമപഞ്ചായത്ത് | മാലകുന്നേൽ ഹൗസ്, തിരുമാറാടി (പി.ഒ.) പിൻ – 686 662 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1987-88 | എൽ.എഫ്.ഇ.(പി.3)175/96/ 7.3.96 | - |
| 1988-89 | എൽ.എഫ്.ഇ.(പി.2)1159/96/ 6.12.96 | - |
| 1998-99 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(3)/ 2018/ 24.7.19 | 11 |
| 2000-01 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(5)/ 2018/ 24.7.19 | 2 |
| 2001-02 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(6)/ 2018/ 24.7.19 | 1 |
| 2002-03 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(7)/ 2018/ 24.7.19 | 4 |
| 2003-04 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(8)/ 2018/ 24.7.19 | 5 |
| 2004-05 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(9)/ 2018/ 24.7.19 | 1 |
| 2005-06 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(10)/ 2018/ 24.7.19 | 3 |
| 2006-07 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(10)/ 2018/ 24.7.19 | 2 |
| 2007-08 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(12)/ 2018/ 24.7.19 | 6 |
| 2008-09 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(13)/ 2018/ 24.7.19 | 1 |
| 2009-10 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(14)/ 2018/ 24.7.19 | 2 |
| 2010-11 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(15)/ 2018/ 24.7.19 | 9 |
| 2011-12 & 2012-13 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(16)/ 2018/ 24.7.19 | 5 |

| | | |
|---|---|---|
| 2013-14 | കെ.എസ്.എ.ഇ.കെ.എം.(പി.9) 724/ അദാ.(17)/ 2018/ 24.7.19 | 8 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി.9) 1811/2016/ 25.2.17 | 13 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി.9) 2440/2016/ 19.4.17 | 9 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം.(പി.9) 1779/2019/ 27.7.2020 | 5 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം.(പി.9) 2022/2019/ 28.07.2020 | 5 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം.(പി.9) 515/2021/ 31.03.2021 | 9 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം.(പി9)960/2022/ 08/08/2022 | 12 |
| 2021-22 | കെ.എസ്.എ.ഇ.കെ.എം.(പി9)1768/2022/ 07/12/2022 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 27-06-2023 and submitted on 27-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Thirumaradi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Thirumaradi Grama Panchayat for the year 2022-2023

Date: 04/11/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Thirumaradi Grama Panchayat for the Year 2022-2023.

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

4. Non inclution of Notes to Accounts in Financial statements and non disclosure of material facts.

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit. Ratios and Notes on Accounts.

2. Discripancy in the Cash flow statement of Grama Panchayath for F.Y 2022-23 as amount recorded in Net increase/ decrease in cash and cash equivalents (1166535.00) is not matched with the "Net Cash Generated By Operating+Investing+Financing Activity which is recoderd as 9190758.00. Both figures should be equal as per the approved accounting standards.

3.Total value of assets in the B-11 Schedule of Balance Sheet is only 27,35,439.00 But at the same time the Depreciation charged to the assets under 10 heads comes to 2,70,14,985.00. The value of land assets are also not included in the register. .

4. An excess amount of Rs. 2,48,007/- is deducted at source from grants the LIFE housing Loan, is not incorporated in the Balance Sheet.

5. Property Tax DCB in AFS is not in talley with the DCB in Sulekha Statements.

6. Amount deposited to Irrigation Deptarment, Ernakulam District Panchayath for deposits works in the previous year is not included in the B-18 schedule of Balance Sheet eventhough the utilisation details of those projects are not yet received. Most of the advances are recorded in the advance register, But the project details, vouchers, date of transfer of money etc are not recorded.

7. The balance kept in the E-tender fees account of the Assistant Engineer, LSGD Engineering wing is not taken into account while preparing the AFS.

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

എറണാകുളം ജില്ലയിലെ തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്